DESPATCHED
On..18/12/21



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**

ഹർജി നമ്പർ **CP No. 259(2)/2021/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നമ്പർ: 6142/SIC-G6/2021)

**സന്നിഹിതൻ**
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. എസ്. സദാനന്ദ നായിക്,<br>ആലുങ്കൽ ഹൗസ്,<br>18/733, പള്ളുരുത്തി,<br>കൊച്ചി – 682 006. | പരാതി ഹർജിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>സൂപ്രണ്ട്,<br>ഹെൽത്ത് സെക്ഷൻ,<br>മട്ടാഞ്ചേരി സോണൽ ഓഫീസ്,<br>കൊച്ചി കോർപ്പറേഷൻ, എറണാകുളം. | എതിർകക്ഷി |

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 28/01/2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 05/03/2021 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 03/05/2021 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 21/06/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 08/07/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 11/08/2021 |
| കമ്മീഷൻ ഹിയറിംഗ് നടത്തിയ തീയതി | 19/11/2021 – ഓഡിയോ |
| ഹിയറിംഗ് സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ | ഹാജരായി |
| എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. എസ്. സദാനന്ദ നായിക്, 03/05/2021 തീയതി സമർപ്പിച്ച പരാതി ഹർജി 21/06/2021-ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP.No.259(2)/2021/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി മറുപടി ലഭ്യമാക്കിയില്ല എന്ന ആക്ഷേപമാണ്.

3. ഹർജിക്കാരൻ എതിർകക്ഷി മുമ്പാകെ 28.01.2021 തീയതി സമർപ്പിച്ച അപേക്ഷയിൽ 11.12.2020 തീയ്യതിയിലെ (സ്വീകരിച്ച തീയതി 14/12/2020) കൊച്ചി കോർപ്പ റേഷൻ സെക്രട്ടറിക്ക്, സമർപ്പിച്ച പരാതിയുമായി ബന്ധപ്പെട്ടുള്ള താഴെപ്പറയുന്ന വിവര ങ്ങളാണ് ആവശ്യപ്പെട്ടത്.

1. ടി പരാതി കൈകാര്യം ചെയ്ത ഫയലിന്റെ നമ്പറും
2. ടി പരാതിയുടെ ദിവസേനയുള്ള പുരോഗതി വ്യക്തമാക്കുന്ന രേഖകളുടെ പകർപ്പും
3. ടി പരാതിയിൽ സ്വീകരിച്ച മേൽ നടപടികൾ വ്യക്തമാക്കുന്ന രേഖകളുടെ പകർപ്പും മറ്റുമായി 10 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയ്ക്ക് 05/03/2021-ന് മറുപടി നൽകിയിട്ടുള്ളതുമാണ്.

4. എതിർകക്ഷി കമ്മീഷൻ മുമ്പാകെ 04/08/2021-ൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ ചോദ്യം നമ്പർ 1, 6-നുള്ള മറുപടികളും കൂടാതെ WZH3-1512/2020 ഫയൽ പകർപ്പുകൾക്കായി 4/- രൂപ നഗരസഭ ട്രഷറിയിൽ ഒടുക്കുന്നതിനും അറിയിപ്പ് നൽകിയിട്ടുള്ളത് പ്രകാരം 15/03/2021 തീയതിയിൽ മേൽ തുക മണിയോർഡറായി ലഭിച്ചിട്ടുള്ളതും ഫയൽ പകർപ്പുകൾ നൽകിയിട്ടുള്ളതുമാണെന്നും WZH3-1512/2020 ഫയൽ അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ടതായതിനാൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി നഗരസഭയുടെ പള്ളുരുത്തി മേഖല എഞ്ചിനീയറിംഗ് വിഭാഗത്തിലേയ്ക്ക് അയച്ചിട്ടുള്ളതാണെന്നും, വിവരാവകാശ നിയമപ്രകാരമുള്ള മറുപടി കൾ സംബന്ധിച്ച് യാതൊരുവിധ ആക്ഷേപങ്ങളും അപ്പീലും സമർപ്പിക്കാതെ ടിയാൻ WZH3-1512/2020 നടപടികളും ഫയൽ പകർപ്പുകൾക്കുമായി 07/05/2021 തീയതിയിൽ വിവരാവകാശ നിയമപ്രകാരം മറ്റൊരു അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ടി വിവരങ്ങൾ പള്ളുരുത്തി മേഖല എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ലഭിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും, ഇരുകക്ഷി കളെയും കേട്ടതിലും, ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ രജിസ്റ്റേർഡ് പോസ്റ്റിൽ അയച്ചു കൊടുക്കാമെന്നുള്ള എസ്.പി.ഐ.ഒ-യുടെ ഉറപ്പിന്മേൽ നടപടികൾ അവസാനിപ്പിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം **2021 നവംബർ 19–ാം** തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

AV